കമ്പ്യൂട്ടർ ഹാർഡ് വെയർ/സോഫ്റ്റ് വെയർ നടത്തുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പരിശീലനം സിദ്ധിച്ച മനുഷ്യവിഭവശേഷി ലഭ്യമാക്കുന്നതിനും വേണ്ടി.

(സി) അതെ, പ്രാഥമിക സജ്ജീകരണങ്ങൾ പുരോഗതിയിലാണ്.

(ഡി) ഉണ്ട്. പദ്ധതി വിഹിതമായി.

247 (1426) പൊതുമേഖലാ സ്ഥാപനങ്ങൾ നൽകേണ്ട ഗ്യാരന്റി കമ്മീഷൻ

ശ്രീ. പി.ജെ. ഫ്രാൻസീസ് :

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾ ഗവണ്മെന്റിന് നൽകേണ്ട ഗ്യാരന്റി കമ്മീഷൻ നൽകാതെ കുടിശ്ശിക ആക്കിയിട്ടുണ്ട്;

(ബി) ഒട്ടാകെ ഈയിനത്തിൽ എന്തു തുക പിരിഞ്ഞുകിട്ടാനുണ്ട്;

(സി) ഈ തുക കുടിശ്ശികയാക്കാനുള്ള കാരണങ്ങൾ എന്തെല്ലാം ആണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) ഉദ്ദേശം 70.45 കോടി രൂപയാണ് ഗ്യാരന്റി കമ്മീഷൻ ഇനത്തിൽ സർക്കാരിന് ലഭിക്കാനുള്ളത്.

(സി) ഗ്യാരന്റി കമ്മിഷൻ അടയ്ക്കേണ്ട സ്ഥാപനങ്ങൾ കൃത്യമായി തുക കണക്കാക്കി യഥാസമയം അടയ്ക്കാത്തതാണ് കുടിശ്ശികയാകാനുള്ള കാരണം.

248 (1427) വ്യവസായ ഗൈഡ്

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിഭവശേഷിയും ഉൽപ്പന്നങ്ങളുടെ വിപണന സാദ്ധ്യതകളും കണക്കിലെടുത്ത് പുതുതായി തുടങ്ങാവുന്ന വ്യവസായ സംരംഭങ്ങൾ ഏതെല്ലാമാണെന്നു കാണിക്കുന്ന ഒരു വ്യവസായ ഗൈഡ് തയ്യാറാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) നമ്മുടെ പ്രകൃതിവിഭവങ്ങൾ ഉപയോഗിച്ച് ഓരോ ജില്ലയിലും ഏതെല്ലാം വ്യവസായങ്ങൾക്കാണ് പ്രാമുഖ്യം നൽകേണ്ടത്; ഏതെല്ലാം വ്യവസായങ്ങൾക്കാണ് സാദ്ധ്യതകൾ എന്നീ വിഷയങ്ങൾ സംബന്ധിച്ച് സർവ്വേ നടത്തിയിട്ടുള്ള സാങ്കേതിക വിദഗ്ദ്ധന്മാരെയും മറ്റും കൂട്ടിയിണക്കി ഒരു വ്യവസായ അന്വേഷണ ബ്യൂറോ ആരംഭിക്കുവാൻ വേണ്ട സാഹചര്യം സൃഷ്ടിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly